*"ഭരണഭാഷ-മാതൃഭാഷ"*

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
# നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ചങ്ങനാശ്ശേരി നഗരസഭ– PMAY പദ്ധതി പ്രകാരമുള്ള വാസഗൃഹ കെട്ടിട നിർമ്മാണം–കൺകറൻസ് നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ശ്രീമതി. നിഷ, മണക്കുളത്ത് –ന്റെ 25.02.2022 –ലെ അപേക്ഷ.
2. നഗരസഭാ സെക്രട്ടറിയുടെ 04.01.2022 ലെ E2–BA/179 നമ്പർ കത്ത്.
3. ഈ കാര്യാലയത്തിലെ 01.02.2022 ലെ TCPKTM/35/2022–C നമ്പർ കത്ത്.

---

ഉത്തരവ് നമ്പർ : **TCPKTM/167/2022–C** തീയതി : **04/03/2022**

---

ചങ്ങനാശ്ശേരി നഗരസഭയിൽ, ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 249 ൽ റീ സർവേ നമ്പർ 4/1–10 ൽ പെട്ട 3.10 ആർ സ്ഥലത്ത് നിലവിലുള്ള കെട്ടിടം (Building Number XVIII/300) പൊളിച്ച് മാറ്റി, PMAY പദ്ധതിയിൽ ഉൾപ്പെടുത്തി 57.56 $m^2$ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് . നിർമ്മാണം PMAY പദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അംഗീകരിച്ച ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ലാനിലെ Paddy/Environmentally Sensitive Zone ൽ ആണ് അപേക്ഷകയുടെ പ്ലോട്ട് സ്ഥിതി ചെയ്യുന്നത്. Zoning Regulation പ്രകാരം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 60 $m^2$ വരെ വിസ്തീർണമുള്ള , ഏതെങ്കിലും ഗവണ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തിയുള്ള വീടുകളുടെ നിർമ്മാണം ടൗൺ പ്ലാനറുടെ കൺകറൻസോടു കൂടി അനുമതി നൽകാവുന്ന ഉപയോഗമാണ് . ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ലാനിലെ Paddy/Environmentally Sensitive Zone ന്റെ മേഖല നിയന്ത്രണ ചട്ടം (Table 24.1, Sl.No.10), കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KMBR–2019), ചട്ടം 5(4), ചട്ടം 5(6)(1)(c) എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നിർദിഷ്ട നിർമ്മാണത്തിന് കൺകറൻസ് നൽകുന്നു.

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KMBR–2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KMBR–2019) ലെ ചട്ടം

9(2) പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഇത് ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. KMBR-2019 പ്രകാരം നഗരസഭാ സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 07/2022/KTM

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
ചങ്ങനാശ്ശേരി നഗരസഭ (ഉള്ളടക്കം സഹിതം)

<u>പകർപ്പ്</u> :

1. ശ്രീമതി. നിഷ, മണക്കുളത്ത്, പെരുന്ന ഈസ്റ്റ് പി. ഒ, ചങ്ങനാശ്ശേരി.
2. കരുതൽ ഫയൽ 3. അധികം -1

S4032022